# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2626** 06.12.2018 -ൽ മറുപടിയ്ക്ക്

**മലയോര ടൂറിസം**

ചോദ്യം

ശ്രീ.എൻ. ഷംസുദ്ദീൻ :

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയോര ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) | ഇക്കോടൂറിസം കേന്ദ്രങ്ങൾ മിക്കതും കേന്ദ്രീകരിച്ചിരിക്കുന്നത് പശ്ചിമഘട്ട മലയോര മേഖലയിലാണ്. പുതിയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ശുപാർശകൾ/ പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്കും, നിലവിലുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ വിപുലീകരിണത്തിന് വനം വകുപ്പ്/ ഇതര ഏജൻസികൾ ഫണ്ട് ആവശ്യപ്പെടുന്ന മുറക്കും നിയമാനുസൃതം അനുവാദം നൽകുന്നതിനും ഇക്കോ ടൂറിസം രീതിയിൽ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) | മലയോര ടൂറിസം കൂടുതലും വനമേഖലയോട് ചേർന്നായതിനാൽ വനം വകുപ്പിന്റെ ഭാഗത്ത് നിന്നുമുണ്ടാകുന്ന തടസ്സം വികസന പ്രവർത്തനങ്ങൾക്ക് ഭംഗം വരുത്തുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വനമേഖലയിലെ ടൂറിസം നിലവിലുള്ള വന നിയമങ്ങൾക്ക് വിധേയമായി വനം വകുപ്പിന്റെ ശുപാർശ/അംഗീകാര പ്രകാരം നടപ്പിലാക്കി വരുന്നുണ്ട്. |
| സി) | മലയോര ടൂറിസത്തിന്റെ വളർച്ചക്ക് വനം വകുപ്പുമായി ചേർന്ന് കൂടുതൽ പദ്ധതികൾ നടപ്പിലാക്കുവാൻ ടൂറിസം വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | സി) | സ്വീകരിക്കുന്നതാണ്. വനം വകുപ്പിന്റെ അംഗീകാരത്തോടെ ലഭിക്കുന്ന വിവിധ പദ്ധതികൾക്ക് അനുമതി നൽകുകയും സമയബന്ധിതമായി നടപ്പിലാക്കുന്നുമുണ്ട്. തുടർന്നും ഇപ്രകാരം പദ്ധതികൾ ലഭിക്കുന്ന മുറക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ